**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 716** **08-10-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ സ്ഥാപനങ്ങളിലും വീടുകളിലും സൗരോർജ്ജ നിലയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇതുവരെ എത്ര സർക്കാർ സ്ഥാപനങ്ങളിലും വീടുകളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഇതുവരെ കെ.എസ്.ഇ.ബി.എൽ. മുഖേന1,56,315 വീടുകളിലും 2,151 സർക്കാർ സ്ഥാപനങ്ങളിലും അനെർട്ട് മുഖേന 12,462 ഉം (ഓഫ് ഗ്രിഡ് പവർ പ്ലാന്റുകൾ) സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുക വഴി എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, അനെർട്ട്, മറ്റ് സ്വകാര്യ വൈദ്യുത സംരംഭകർ എന്നിവർ മുഖേന വിവിധ വിഭാഗങ്ങളിലായി ആകെ 1,70,638 സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചതു വഴി 30.08.2024 വരെ 1,215.68 MW സൗരോർജ്ജ കപ്പാസിറ്റി ഗ്രിഡിലേക്കു കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 30.09.24 വരെ 401 മില്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്. ഓഫ് ഗ്രിഡ് പവർ പ്ലാന്റുകളിൽ നിന്നും അനെർട്ട് മുഖേന 16.4 മെഗാ വാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ സാധിച്ചു. |
| (സി) | വാമനപുരം മണ്ഡലത്തിലെ എത്ര സർക്കാർ സ്ഥാപനങ്ങളിലും വീടുകളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അനുമതി ലഭിക്കാത്ത എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്നും സെക്ഷൻ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (സി) | വാമനപുരം മണ്ഡലത്തിൽ കെ. എസ്. ഇ. ബി. എൽ. - ന്റെ സൗര ഫേസ് - 1 പദ്ധതിയിൽ ഉൾപ്പെടുത്തി 8 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ 711 kW സ്ഥാപിത ശേഷിയിൽ സ്ഥാപിച്ചിട്ടുണ്ട്. അവയുടെ വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. എന്നാൽ ഇതിൽ സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടില്ല.<br><br>കെ.എസ്.ഇ.ബി.യുടെ സൗര സബ്സിഡി പദ്ധതി പ്രകാരം 154 ഗാർഹിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിലായി 552 KW സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>അനെർട്ട് മുഖേന വാമനപുരം ഗ്രാമ പഞ്ചായത്തിൽ 3,30,000/- രൂപ ചെലവിൽ 3kW ശേഷിയുള്ള സോളാർ ഹൈബ്രിഡ് പവർ പ്ലാന്റ് സ്ഥാപിച്ചു. ഇതു കൂടാതെ രണ്ടു വീടുകളിലായി 4,08,595/- രൂപ ചെലവിൽ 7kW ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിച്ചു. വാമനപുരംമണ്ഡലത്തിൽനിന്നും പുതുതായി സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനായി അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| Sl. No. | Ele Section | Institution | Capacity (KW) |
|---|---|---|---|
| 1 | Palode | Nanniyode Co-op. Bank | 6 |
| 2 | Palode | S.K.V. High School Nanniyode | 6 |
| 3 | Venjaramoodu | Shanavas | 3 |
| 4 | Chullimanoor | 33 kV Sub Station Chullimanoor | 4 |
| 5 | Chullimanoor | Anad Farmers Co-op. Bank | 12 |
| 6 | Chullimanoor | Christu Jyothi School | 80 |
| 7 | Chullimanoor | Mohandas College | 300 |
| 8 | Chullimanoor | Heera College | 300 |
| | | **Total** | **711** |

സെക്ഷൻ ഓഫീസർ